# വിടുവിക്കുന്ന ദൈവം

## സങ്കീർത്തനം 119:71

**"നിന്റെ ചട്ടങ്ങൾ പഠിപ്പാൻ തക്കവണ്ണം ഞാൻ കഷ്ടതയിൽ ആയത് എനിക്കു ഗുണമായി."**

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യൻ എന്ന് വിളിക്കപ്പെട്ട ദാവീദ് അനേകം കഷ്ടങ്ങളിലൂടെ കടന്നു പോയപ്പോൾ പരിശുദ്ധാത്മാവിൽ നിറഞ്ഞ് പറയുന്ന ഒരു വാക്യമാണിത്. ഇന്നും അനേകം ദൈവമക്കൾക്ക് കഷ്ടതയിൻ നടുവിൽ ഇപ്രകാരം വിശ്വസിക്കുവാനും, പറയാനും സധിക്കുന്നുണ്ട്. എന്നാൽ ഒരു ലോകമനുഷ്യനു ഒരിക്കലും ഇപ്രകാരം പറയാനോ ചിന്തിക്കാനോ സാധ്യമല്ല.

ഇന്ന് കേരള ജനത ഒന്നാകെ ഒരു മഹാപ്രളയത്തിന്റെ അനുഭവത്തിൽ നിന്ന് കരകയറി കൊണ്ടിരിക്കുകയാണ്. ചിലർ ഈ പ്രളയത്തെ ദാവീദ് കണ്ടതുപോലെ നോക്കിക്കാണുമ്പോൾ അനേകർ ഇന്ന് വിശ്വാസം നഷ്ടപ്പെട്ട് പ്രത്യാശയില്ലാതെ നിരാശയിൽ കഴിയുന്നു. തലനാരിഴക്ക് ജീവൻ തിരിച്ചുകിട്ടിയവർ പോലും ജീവൻ മടക്കിക്കൊടുത്ത ദൈവത്തെ മറന്നു പോകുന്നു. ജീവനേക്കാൾ അധികം തന്റെ വസ്തുവകകളെ സ്നേഹിക്കുന്നു. അതായത് "മണ്ണെ പ്രതി മാണിക്യം വെടിയുന്ന അവസ്ഥ." വാസ്തവത്തിൽ എന്തിനാണ് വിലയുള്ളത് എന്ന് ആരു മനസ്സിലാക്കുന്നില്ല. കഴുത്തോളം വെള്ളത്തിൽ മുങ്ങിക്കിടക്കുമ്പോൾ പോലും തന്റെ സൃഷ്ടാവായ, പരിപാലകനായ ദൈവത്തെ ഓർക്കുന്നില്ല. അഥവാ ഓർത്തവർ പോലും വെള്ളമിറങ്ങിയപ്പോൾ, രക്ഷിച്ച ദൈവത്തെ തന്നെ മറന്നു. ആയുസ്സ് നീട്ടിക്കിട്ടിയത്, നഷ്ടപ്പെട്ടത് വീണ്ടും തിരിച്ചുപിടിക്കുവാനാണെന്ന ഭാവത്തിൽ ഓടുന്നു. മനുഷ്യൻ മേന്മയുള്ളത് എന്ന് കണ്ട യാതൊന്നിനും അവനെ രക്ഷിക്കാൻ കഴിഞ്ഞില്ല എന്ന യാഥാർഥ്യം കൺമുന്നിൽ കണ്ടിട്ടും എന്തേ മനുഷ്യൻ പഠിക്കുന്നില്ല. സ്നേഹത്തോടെ നമ്മെ ശിക്ഷിച്ച് നേർപാതയിലേയ്ക്കു മടക്കിക്കൊണ്ടു വരാൻ വന്ന ദൈവത്തെ വീണ്ടും വേദനിപ്പിക്കുന്ന ദൈവമക്കൾ, അവന്റെ മഹാദയയും ദീർഘക്ഷമയും ഒന്നു കൊണ്ട് മാത്രമാണ് നാം നശിച്ചുപോവാതിരുന്നത് എന്ന വാസ്തവമായ കാര്യം മറന്നു. മനുഷ്യന്റെ മിടുക്കു കൊണ്ടും ബുദ്ധികൊണ്ടും എല്ലാം നിയന്ത്രണവിധേയമാക്കി എന്നു വിചാരിക്കുന്ന മനുഷ്യനോട് വചനം പറയുന്നു, "കൂടെ കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവർ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചു പോകുന്നു." (സദൃ.വാക്യങ്ങൾ 29:1).

അതു പോലെ തന്നെ ഇന്നു പലരും ദൈവമെന്ന ഒന്നില്ല എന്നും എല്ലാ ദൈവങ്ങളും ഒന്നാണ് എന്നും പറഞ്ഞ് സത്യത്തെ മറച്ചുവെയ്ക്കുവാൻ ശ്രമിക്കുന്നു. ദൈവമക്കൾക്ക്

പോലും ഇന്ന് വിശ്വാസത്തിൽ വ്യതിചലനം ഉണ്ടാകുന്നു. എന്നാൽ സത്യം എന്താണ്? വചനം പറയുന്നു, “ആകാശത്തിൻ കീഴിൽ ഭൂമിക്കുമീതെ രക്ഷിക്കപ്പെടുവാൻ മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല. അത് യേശു എന്ന ഏക നാമം മാത്രമാണ.” രക്ഷ ഒരുവനിൽ നിന്നു മാത്രമുള്ളതാണ്. അവിടെ ഒരിക്കലും, ലോകം പറയും പോലെ അനേകം മാർഗ്ഗങ്ങളില്ല. യേശു സകലജനത്തിന്നും വേണ്ടി യാഗമായി തീർന്നവനാണ്. ഒരിക്കലായി വിശ്വസിക്കുന്നവർക്ക് രക്ഷ ദാനമായി തന്നവനാണ്. എന്നാൽ ഇതിനെയൊക്കെ പരിഹസിക്കുന്നവരോട് വചനം പറയുന്നു “പരിഹാസികൾ പട്ടണത്തിൽ കോപാഗ്നി ജ്വലിപ്പിക്കുന്നു, ജ്ഞാനികളോ ക്രോധത്തെ ശമിപ്പിക്കുന്നു.”

അതുകൊണ്ട് നമുക്ക് മനം തിരിഞ്ഞ് മടങ്ങിവരാം. നമ്മുടെ രക്ഷകനായ ദൈവത്തിങ്കലേക്ക് അനുതാപത്തോടെ കടന്നു വരാം. ഈ ദുരന്തങ്ങൾ എന്റെ ആത്മരക്ഷക്ക് കാരണമായി എന്ന് പരിശുദ്ധാത്മ നിറവിൽ തിരിച്ചറിയാൻ കഴിയുന്നതിനായി പ്രാർഥിക്കാം. മണ്ണെ പ്രതി മാണിക്യം വെടിയാൻ ഇടയാകല്ലേ എന്ന് പ്രാർഥിക്കാം. ഭൂമിയിലിള്ളതല്ല ഉയരത്തിലുള്ളത് തന്നേ ചിന്തിക്കാൻ കൃപയാകണേ എന്ന് പ്രാർഥിക്കാം.

പരാമർശം :

**സങ്കീർത്തനങ്ങൾ 34:19**

നീതിമാന്റെ അനർഥങ്ങൾ അസംഖ്യമാകുന്നു, അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 061